# CENTRAL BOARD OF SECONDARY EDUCATION MARCH - 2021

**SAMPLE QUESTION PAPER FOR AISSE 2021 ANSWER KEY**

**(മാതൃകാ ചോദ്യപേപ്പർ – 2020– 21) ഉത്തരസൂചിക.**

**STD : XII** **MALAYALAM (മലയാളം) Code : 112**

**Time allowed : 3 Hrs.** **Maximum Mark : 80**

**അനുവദിച്ച സമയം : 3 മണിക്കൂർ** ആകെ മാർക്ക് : **80**

The question paper is divided into two sections:

| | | |
|---|---|---|
| Section A | Objective (MCQ) | 40 marks |
| Section B | Descriptive | 40 marks |

## എ വിഭാഗം / SECTION A

1. എതെങ്കിലും ആറ് ചോദ്യങ്ങൾക്കുള്ള ഉത്തരം എഴുതിയാൽമതി (**6**x1=**6**)
   a) മദ്യം,പുകവലി ഇവയാലുള്ളത്
   b) കീടനാശിനി കഴിച്ചാൽ
   c) മൂന്നിലൊന്നു മാത്രം
   d) നിയമവിരുദ്ധം
   e) പുകവലിമൂലം.
   f) പ്രണയനൈരാശ്യം.
   g) പുകയില.

2. a. ഏതെങ്കിലും നാലെണ്ണംഎഴുതിയാൽ മതി. (4x1=4)

   (i). ഉൽപ്രേക്ഷ.

   (ii). ഉപമേയം.

   (iii). ധർമ്മ്യുൽപ്രേക്ഷ.

   (iv). ധർമ്മ്യുൽപ്രേക്ഷ

   (v). ഫലോൽപ്രേക്ഷ.

   b. ഏതെങ്കിലും അഞ്ചെണ്ണം എഴുതിയാൽ മതി. (5x1=5)

   (i). എഴുത്തച്ഛൻ.
   (ii). വിശ്വാമിത്രൻ.
   (iii). പടയണി.
   (iv). ആട്ടക്കഥ.
   (v). ആക്ഷേപഹാസ്യം.
   (vi) ഋതുപർണ്ണൻ.

   c. ഏതെങ്കിലും അഞ്ചെണ്ണം എഴുതിയാൽ മതി. (5x1=5))

   (i). പത്മരാജൻ.
   (ii). കടക്കാരൻ.
   (iii). ശൂന്യത.
   (iv). ഫിഫ്ത് എസ്റ്റേറ്റ്
   (v). പൊൻകുന്നം വർക്കിയുടെ കഥാപാത്രം.
   (vi). പ്രാദേശികഭാഷകളിലൂടെ.

3. ഏതെങ്കിലും അഞ്ചെണ്ണം മതി. (ഓരോന്നിനും 1 മാർക്കു വീതം). (**5x2=10**)

a.

(i) ഉഗ്രതപസ്സ്

(ii). രോഗം മൂലം

b.

(i). കാട്ടാളൻ.

(ii). സൂര്യൻ.

c.

i). ദുഷ്യന്തനെ.

(ii). ശകുന്തള.

d.

(i). നളചരിതം ആട്ടക്കഥ..

(ii). ഉണ്ണായിവാരിയർ.

e.

(i). പെൺഗൗളി.

(ii). സിദ്ധാർത്ഥൻ.

f.

(i). ദിവാകരൻ.

(ii). അച്ഛന്റെയും അമ്മയുടേയും.

g.

(i) നവമാധ്യമം.

(ii) സൈബർ ഇടം.

4. ഏതെങ്കിലും രണ്ടെണ്ണംമതി (ഓരോന്നിനും 1 മാർക്കു വീതം) (**2x5**=10)

a.

(i). ശകുന്തള.

(ii). ദുഷ്യന്തൻ.

(iii). കൊട്ടാരത്തിലെത്തിയപ്പോൾ.

(iv). വിളിക്കാതെ വന്നതിനാൽ

(v). ആക്ഷേപം

b.

(i). കുട്ടികൾ

(ii). ദിവാകരന്റെ.

(iii) ഉൽപ്പന്നം തേടി ഉൽപ്പന്നമാവുന്ന അവസ്ഥ.

(iv) പത്മരാജന്റെ കഥകൾ.

(v). ഫാന്റസി.

c.

(i) ഗൗളിജന്മം

(ii). ആൺഗൗളി

(iii). സന്ദർശകയെക്കുറിച്ച്

(iv). പെൺഗൗളിയോട്

(v). യുവാവ്

## ബി വിഭാഗം / SECTION B

5. a. ഉൽപ്രേക്ഷ. ലക്ഷണം

മറ്റൊന്നിൻ ധർമ്മയോഗത്താ-
ലതുതാനല്ലയോ ഇത്
എന്നു വർണ്ണ്യത്തിലാശങ്ക-
യുൽപ്രേക്ഷാഖ്യയലംകൃതി. (1)

വർണ്ണ്യവസ്തുവിൽ അവർണ്ണ്യവസ്തുവിന്റെ ധർമ്മത്തിനു ചേർച്ച കാൺകയാൽ ഇത് അതുതന്നെയായിരിക്കുമെന്ന് ബലമായി സംശയിക്കുന്നത് ഉൽപ്രേക്ഷ എന്ന അലങ്കാരമാകും

ഉദാ:- കോകസ്ത്രീ വിരഹത്തീയിൻ
പുകയല്ലോ തമസ്സിത്
പുരളുന്നെന്നു തോന്നുന്നു-
ണ്ടിരുളിന്നംഗകങ്ങളിൽ. (1)

b. ഈവരികളിൽ അലങ്കാരം.ഹേതുൽപ്രേക്ഷയാണ്. (1)
ശകുന്തള കണ്വാശ്രമത്തിൽ നിന്ന് യാത്രപറയുന്ന സന്ദർഭത്തിൽ പ്രകൃതിക്കും ജീവജാലങ്ങൾക്കും ഉണ്ടായ ദു:ഖത്തിന് (ഹേതു) കാരണം ഉൽപ്രേക്ഷിക്കപ്പെട്ടിരിക്കുന്നതിനാൽ. (1)

6. ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.. 3X2=6

a. ആമുഖം:- പാഠം- കേശിനീമൊഴി
കൃതി :- നളചരിതം ആട്ടക്കഥ നാലാം ദിവസം
ബാഹുകൻ നളനാണോയെന്ന് കണ്ടെത്തിവരാൻ ദമയന്തി കേശിനിയെ ചുമതലപ്പെടുത്തുന്നു.തന്റെ കണ്ടെത്തലുകൾ കേശിനി ദമയന്തിയെ അറിയിച്ചു. ബുദ്ധിമാനും ഉത്തമനുമായ നളന്റെ പക്ഷത്ത് അപരാധം ഒന്നുമില്ലെന്നും അഥവാ ഉണ്ടെങ്കിൽത്തന്നെ കുലനാരികൾ പുറത്തു പറയാൻ പാടില്ലെന്നും നളന്റെ വാക്കുകൾ കേട്ടാൽത്തന്നെ ദുഷ്ടനോ ചതിയനോ അല്ലെന്ന് മനസ്സിലാകുമെന്നും കേശിനി പറയുന്നു.നളൻ സ്വാമിനിയോഗത്താൽ ആഹാരം പാകം ചെയ്യാൻ ശ്രമിക്കുമ്പോൾ കുടത്തിൽ താനേ ജലം നിറയുന്നതും അഗ്നി താനേ ജ്വലിക്കുന്നതും വാടിയപൂക്കൾ നളന്റെ കരസ്പർശത്താൽ ശോഭിക്കുന്നതും താൻ കണ്ടുവെന്ന് കേശിനി ദമയന്തിയെ അറിയിക്കുന്നു.

b. ആമുഖം:- പാഠം:- കൊള്ളിവാക്കല്ലാതൊന്നും.
പതിവ്രതയായിട്ടും ഭർത്താവിൽ നിന്ന് കൊള്ളിവാക്കുകൾ മാത്രം കേൾക്കേണ്ടി വരുന്ന ശീലാവതി-കൊള്ളിവാക്കുകൾ കേൾക്കുമ്പോഴും ഭാര്യാധർമ്മത്തിൽ നിന്ന് വ്യതിചലിക്കാൻ തയ്യാറാകാത്തവൾ- സ്ത്രീ സമൂഹം നേരിടേണ്ടിവരുന്ന ദുരിതപൂർണ്ണമായ ജീവിതത്തിന്റെ നേർക്കാഴ്ച നമ്പ്യാർ വരച്ചുകാട്ടുന്നു.

c. ആമുഖം. പാഠം:- നവമാധ്യമങ്ങൾ ശക്തിയും സാധ്യതയും
പരമ്പരാഗത മാധ്യമങ്ങളിൽ എഴുത്തും എഡിറ്റിങ്ങും ആവശ്യമാണ്- സാമൂഹിക മാധ്യമങ്ങളിൽ മാതൃഭാഷയുടെ വാർപ്പ് മാതൃകകൾക്കപ്പുറം വാർത്തകൾ ഉത്ഭവിക്കുന്നയിടത്തുനിന്നുതന്നെ തൽക്ഷണം അവ സൈബർ ലോകത്തേക്കെത്തുന്നു-പത്രത്തിൽ തൽക്ഷണചർച്ചയ്ക്ക് ഒരു സാദ്ധ്യതയും

ഇല്ല.-സമൂഹമാധ്യമത്തിൽ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും തൊട്ടുതാഴെ കമന്റ് രൂപത്തിൽ രേഖപ്പെടുത്താം.

d. ആമുഖം:- അവകാശങ്ങളുടെ പ്രശ്നം.
ഉപഭോക്താവിനെ ആകർഷിക്കുകയും ഉൽപ്പന്നങ്ങൾ അടിച്ചേല്പ്പിക്കുകയും ചെയ്യുന്ന കച്ചവടതന്ത്രത്തിന്റെ സൂചകമാണ് ഇവിടത്തെ പ്രകാശം.ഉപഭോക്താവിന്റെ മസ്തിഷ്കത്തിൽ വെളിച്ചത്തിന്റെ മാന്ത്രികതയാൽ യാഥാർഥ്യം നഷ്ടമാകുന്നു.-അയാൾ തനിക്കു വേണ്ടപ്പെട്ട ചിത്രങ്ങൾ മറന്നുപോകുന്നു.

7. ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി. 5X3=15

a. ആമുഖം:- കിരാതവൃത്തം ആദിമ ജനവിഭാഗത്തിന് പരിഷ്കൃതസമൂഹത്തിൽ നിന്ന് നേരിടേണ്ടിവരുന്ന വെല്ലുവിളികൾ-ആര്യദ്രാവിഡസംഘർഷവും ദ്രാവിഡരുടെ നാശവും-അവർണ്ണരും സവർണ്ണരും തമ്മിലുള്ള സംഘർഷം-വികസനത്വരയിൽ ചുട്ടെരിയ്ക്കപ്പെട്ട വനവും വന്യതയും-ആഹാരവും സ്വാതന്ത്ര്യവും എല്ലാം നിഷേധിക്കപ്പെട്ട ഒരു വർഗ്ഗത്തിന്റെ നിലവിളികൾ-വിഷപ്പുക വമിക്കുന്ന ആകാശസീമകൾ-വറ്റിവരണ്ട പുഴ-അപ്രത്യക്ഷമാകുന്ന കുന്നുകൾ-മഴയില്ലാത്ത അവസ്ഥ-നഷ്ടമാകുന്ന ഔഷധസമ്പത്ത്-ഇവയെല്ലാം പാരിസ്ഥിതികപ്രശ്നങ്ങളെ സൂചിപ്പിക്കുന്നു.

b. ആമുഖം:- പാഠം :- കണ്ണാടി കാണ്മോളവും

കൊട്ടാരത്തിലെത്തിയ ശകുന്തളയെ ദുഷ്യന്തൻ വാക്കുകളാൽ അപമാനിക്കുന്നത്-അതിനുള്ള ശകുന്തളയുടെ മറുപടി-കടുകിന്മണിയോളമുള്ള പരദോഷം പോലും കാണുന്ന ആളുകൾ ആനയോളം വലിപ്പമുള്ള സ്വന്തം ദോഷങ്ങൾ കാണാതെ പോകുന്നത്-തന്റെ ജന്മം ശ്രേഷ്ഠമാണെന്നും തനിക്കു ഭൂമിയിലും ആകാശത്തും ഒരുപോലെ സഞ്ചരിക്കാമെന്നും എന്നാൽ ദുഷ്യന്തന് ഭൂമിയിൽ മാത്രമേ സഞ്ചരിക്കാൻ സാധിക്കൂ എന്നതും അതിനാൽ അവർ തമ്മിൽ മേരുപർവതവും കടുകും പോലെയുള്ള അന്തരമുണ്ടെന്നുള്ള ശകുന്തളയുടെ മറുപടി.

c. ആമുഖം:- പാഠം:- കേശിനീമൊഴി- പ്രാസം, ഭാഷ-സൂക്ഷ്മമായ വിവരണം-പാത്രസൃഷ്ടി-നാടകീയത ഇവ ഉണ്ണായിവാര്യരുടെ ആട്ടക്കഥകളുടെ പ്രത്യേകത ആണ്.പ്രാസപ്രയോഗത്തിലും അർത്ഥഭംഗിക്കൊപ്പം അക്ഷരഭംഗി നിലനിർത്തുന്നതിലും ഉണ്ണായിവാര്യർ വിജയിച്ചിരുന്നു-ആദ്യശ്ളോകത്തിലെ 'ള' കാരത്തിന്റെ ആവർത്തനം ദ്വിതീയാക്ഷരപ്രാസമാണ്.-'ച്ച' യുടെ ആവർത്തനം-'ല' മൂന്ന് വരികളിൽ ആവർത്തിക്കുന്നത്-ഇങ്ങനെ അക്ഷരാവർത്തനങ്ങളിലൂടെ ശബ്ദഭംഗി പകരാൻ കവി ശ്രമിക്കുന്നത്-പച്ചമലയാളവും സംസ്കൃതവും പാലിൽ നീര് എന്നതുപോലെ യോജിപ്പിച്ചിരിക്കുന്ന വെങ്കലഭാഷ-കേശിനീമൊഴിയിലേത് ശുദ്ധമലയാളത്തോട് അടുത്തു നിൽക്കുന്ന ഭാഷാരീതി-കഥാപാത്രങ്ങളെ അഭിസംബോധന ചെയ്യുന്നതിലെ പ്രത്യേകത-ഭാഷാപ്രയോഗ രീതികൊണ്ടും ഗാനകുശലത കൊണ്ടും നാടകീയമാകുന്നു

d. ആമുഖം:- പാഠം:- ഗൗളിജന്മം. ശാസ്ത്രീയമായി എത്ര പുരോഗതി നേടിയാലും അന്ധവിശ്വാസങ്ങളുടെ പിന്നാലെ പോകുന്ന പുതുതലമുറയുടെ

മാനസികാവസ്ഥ-പാരമ്പര്യമായി കൈമാറി വരുന്ന അറിവുകൾക്ക് ശാസ്ത്രീയമായ അടിത്തറയില്ലെങ്കിലും അത് വിശ്വസിക്കാൻ തയ്യാറാകുന്ന മനുഷ്യസമൂഹത്തെ പരിഹസിക്കുന്നത്- സാമാന്യജീവിയായ പല്ലിയുടെ വിവേചനബുദ്ധി പോലും ഇല്ലാത്ത മനുഷ്യന്റെ നേർചിത്രം.

e. ആമുഖം:- പാഠം:- നവമാധ്യമങ്ങൾ ശക്തിയും സാദ്ധ്യതയും. അഭിപ്രായം രേഖപ്പെടുത്താനുള്ള സ്വാതന്ത്ര്യം-ചട്ടക്കൂടുകൾക്കു പുറത്ത് വാർത്തകൾ സംപ്രേക്ഷണം ചെയ്യാനുള്ള സാഹചര്യം- വലിപ്പച്ചെറുപ്പങ്ങളില്ലാതെ എല്ലാത്തരം മനുഷ്യർക്കും ഇടപെടാൻ കഴിയുന്ന മാധ്യമം എന്ന നിലയിൽ ജനാധിപത്യപ്രക്രിയയിൽ ഉറച്ച നാഴികക്കല്ലുകളായി നവമാധ്യമങ്ങൾ മാറുന്നു.

f. ആമുഖം:- അവകാശങ്ങളുടെ പ്രശ്നം. ഉൽപ്പന്നങ്ങളുടെ ധാരാളിത്തവും സാമ്യവും ഉപഭോക്താവിനെ ധർമ്മസങ്കടത്തിലാക്കുന്നു-യാഥാർത്ഥ്യം തിരിച്ചറിയാനാകാതെ കച്ചവടതന്ത്രങ്ങളിലാണ്ട് ഉഴറിപ്പോകുന്ന മനുഷ്യന്റെ പ്രതീകമാണ് ദിവാകരൻ-ഒപ്പം ബന്ധങ്ങളുടെയും ഓർമ്മകളുടെയും ദൃഢതയില്ലായ്മയും ചർച്ചയാകുന്നുണ്ട്.

**8**. ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി. 1X5=5

a (i). ആമുഖം:- എം.ടി. എന്ന എഴുത്തുകാരന്റെ കുടുംബപശ്ചാത്തലം- ബന്ധങ്ങൾ-കുട്ടിക്കാലത്ത് സ്വാധീനം ചെലുത്തിയവർ- കഥ പറഞ്ഞു കൊടുത്തവർ-പ്രകൃതിയുടെയും നദികളുടെയും കുളങ്ങളുടെയും സാമീപ്യവും സ്വാധീനവും- കെട്ടുറപ്പുള്ള വിദ്യാഭ്യാസം- വായനാശീലം.

(ii). ആമുഖം:-എം.ടി.-അമ്മ- ഓർമ്മകളുടെ സുഗന്ധം-നഷ്ടപ്പെടുന്ന ഓണക്കാല വസന്തം- മൺമറയുന്ന സസ്യസമ്പത്തുകൾ- പുഴയുടെ സൗന്ദര്യം-ആധുനികവൽക്കരണത്തിന്റെ കടന്നുകയറ്റം- ബാല്യകാലത്തിന്റെ സമൃദ്ധിയിലേക്കുള്ള മടങ്ങിപ്പോക്ക്-ഉൽസവങ്ങൾ- കൂട്ടുകുടുംബം-കുടുംബബന്ധങ്ങളുടെ ദൃഢത-സൗഹൃദങ്ങൾ.

**b.** ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

ഉപന്യാസ രചന

ആമുഖം:-

ഉള്ളടക്കം, ആശയം.

ഭാഷാശൈലി, അവതരണരീതി, ഖണ്ഡികാകരണം.

ഉപസംഹാരം.

(i). ആരോഗ്യകേരളം നേരിടുന്ന വെല്ലുവിളികൾ. 1X5=5

ആമുഖം- സാമൂഹ്യശുചിത്വമില്ലായ്മ - പൊതുബോധത്തിന്റെ അപര്യാപ്തത-കർശന ശിക്ഷാനടപടികളുടെ അഭാവം- സുസജ്ജമായ ആതുരാലയങ്ങളുടെ കുറവ്-ആരോഗ്യപ്രവർത്തകരുടെ എണ്ണത്തിലുള്ള അപര്യാപ്തത-സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ചികിൽസാ സൗകര്യങ്ങളുടെ അഭാവം-ഭൗതിക സാഹചര്യങ്ങളുടെ കുറവ് - ഉപസംഹാരം.

(ii). മാറ്റിമറിക്കപ്പെടുന്ന വിദ്യാഭ്യാസരീതികൾ.:- ആമുഖം- പാഠ്യപദ്ധതിയുടെ സ്ഥിരതയില്ലായ്മ- മൂല്യാധിഷ്ഠിത പാഠ്യപദ്ധതിയുടെ അഭാവം-പാഠ്യരംഗ

ത്തേക്കുള്ള നവമാധ്യമങ്ങളുടെ കടന്നുകയറ്റം-ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ആവശ്യകത- പഠനരീതിയുടേയും പാഠ്യവസ്തുക്കളുടേയും പാഠ്യപദ്ധതിയുടേയും ഏകീകരണം. ഉപസംഹാരം.

**c.** കത്ത് തയ്യാറാക്കുക. 1X5=5

കത്ത്:- രൂപഘടന

പ്രേഷകൻ/പ്രേഷിത

മേൽവിലാസം.

സ്വീകർത്താവ് / ഗ്രാഹകൻ

മേൽവിലാസം

(മേൽവിലാസം എന്നുമാത്രം എഴുതുന്നതിനുപകരം മേൽവിലാസഘടകങ്ങളായ പേര്,വീട്ടുപേര്/ഓഫീസിന്റെ പേര്,സ്ഥലം,പോസ്റ്റ് ഓഫീസ്,പിൻകോഡ് എന്നിവ എഴുതണം.)

അഭിസംബോധന, വിഷയസൂചനകൾ,
ആമുഖം -കത്തിന്റെ ശരീരം- ഉള്ളടക്കം- (കത്തിന്റെ ശരീരം ഖണ്ഡികതിരിച്ച്- വിഷയത്തിൽ ഒതുങ്ങുന്നതും സമഗ്രവും ആവശ്യങ്ങൾ സമർത്ഥിക്കപ്പെടുന്നതു ആയിരിക്കണം)
ആശുപത്രികളിലെ ജീവൻ രക്ഷാ മരുന്നുകളുടെ അഭാവം-വസ്തുതാപരമായ വിലയിരുത്തൽ-സർക്കാർ ഇടപെടലിന്റെ അനിവാര്യത-വിശദീകരണം-സഹാഭ്യർത്ഥന-
ആശയ പ്രകാശനം, ഭാഷാശൈലി, അവതരണരീതി, വിഷയത്തോടുള്ള പ്രതിബദ്ധത,സമർത്ഥനം,ഉപസംഹാരം.
ഉപചാരവാക്ക്-ഒപ്പ്,പേര് ഇവ ഇടതുവശത്തോ വലതുവശത്തോ വരാം.തീയതി താഴെയോ പ്രേഷകനും ഗ്രാഹകനും ഇടയിലോ എഴുതാം.

=========